**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3364** **26-06-2024 - ൽ മറുപടിയ്ക്ക്**

**ഉച്ചഭക്ഷണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കായുള്ള തുകയിൽ എന്തെങ്കിലും വെട്ടിക്കുറയ്ക്കൽ വരുത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയ്ക്കുള്ള തുക വെട്ടിക്കുറച്ചിട്ടില്ല. |
| (ബി) | പ്രൈമറിതലത്തിൽ ഉച്ചഭക്ഷണത്തിനുള്ള തുകയിൽ രണ്ടു രൂപ വെട്ടിക്കുറച്ചത് പ്രധാന അധ്യാപകരെ കൂടുതൽ പ്രതിസന്ധിയിലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തീരുമാനം പിൻവലിച്ചുകൊണ്ട് തുക ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ചെലവുകൾക്കും സപ്ലിമെന്ററി ന്യൂട്രീഷന്റെ ഭാഗമായി നൽകുന്ന പാൽ, മുട്ട എന്നിവയുടെ ചെലവുകൾക്കുമായി 150 കുട്ടികൾ വരെ കുട്ടി ഒന്നിന് 8 രൂപ, 151 മുതൽ 500 കുട്ടികൾ വരെ കുട്ടി ഒന്നിന് 7 രൂപ, 500 കുട്ടികൾക്ക് മുകളിലുള്ള ഓരോ കുട്ടിക്കും 6 രൂപ എന്നീ നിരക്കുകളിലാണ് പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകൾക്ക് തുക നൽകി വന്നിരുന്നത്. ഇത് പര്യാപ്തമല്ല എന്ന് കണ്ടെത്തിയതിനെ തുടർന്ന് ഉച്ചഭക്ഷണം നൽകുന്നതിന്റെ ചെലവുകൾക്ക് മാത്രമായി പ്രൈമറി വിഭാഗത്തിന് കുട്ടി ഒന്നിന് 6 രൂപയും അപ്പർ പ്രൈമറി വിഭാഗത്തിനിൽ കുട്ടി ഒന്നിന് 8.17 രൂപയും (സപ്ലിമെന്ററി ന്യൂട്രീഷൻ ഒഴികെ) എന്ന രീതിയിൽ 07.06.2024 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം. 3676/2024/പൊ.വി.വ പ്രകാരം നിരക്കുകൾ പരിഷ്കരിച്ചിട്ടുണ്ട്. ടി നിരക്കുകൾ ഉച്ചഭക്ഷണം നൽകുന്നതിന് മാത്രമുള്ള ചെലവുകൾക്ക് ആയതിനാൽ, സപ്ലിമെന്ററി ന്യൂട്രീഷൻ പദ്ധതിയ്ക്ക് സ്കൂളുകൾക്ക് പ്രത്യേകം തുക അനുവദിക്കുന്നതാണ്. |
| (സി) | മെറ്റീരിയൽ കോസ്റ്റ് ഉൾപ്പെടെ അനുബന്ധ ചെലവുകൾക്കുള്ള തുക മുൻകൂട്ടി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ഇതുൾപ്പെടെയുള്ള ചെലവുകൾക്കായി ബജറ്റിൽ "സംസ്ഥാന അധിക വിഹിതം എന്ന ശീർഷകത്തിൽ 232.14 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.<br><br>പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഓരോ മാസവും സ്കൂളുകൾ സമർപ്പിക്കുന്ന ബില്ലുകളും അനുബന്ധ രേഖകളും തൊട്ടടുത്ത മാസം 15-ന് മുൻപായി ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ പരിശോധിച്ച് അംഗീകരിച്ചതിനു ശേഷം റീ- ഇംപേഴ്‌മെന്റായാണ് തുക നിലവിൽ അനുവദിച്ചുവരുന്നത്. ഈ രീതി തന്നെ |

| | | | |
|---|---|---|---|
| | | | തുടരുന്നതാണ് പ്രായോഗികവും ഉചിതവുമെന്ന് കാണുന്നു. |

സെക്ഷൻ ഓഫീസർ